സത്യം സമൃദ്ധം സുന്ദരം

കേൾക്കേണ്ട ശബ്ദം:
പാർട്ടി കൊടികൾ വിദേശ ടൂറിസ്റ്റുകൾക്ക് വിൽപ്പനയ്ക്ക് വെയ്ക്കുന്ന രാജ്യമായി ചൈന മാറി.
-ശ്രീനിവാസൻ
(ചലച്ചിത്രതാരം)

മക്തബ്

1193 മേടം 29 | 1439 ശഅ്ബാൻ 25

ടാഗോർ പ്രവേശന പരീക്ഷക്ക് എതിരെ ജനകീയ ഇടപെടലുണ്ടാകണം

തളിപ്പറമ്പ് ടാഗോർ വിദ്യാനികേതനിലെ ഈ അധ്യയന വർഷത്തെ വിദ്യാർത്ഥി പ്രവേശനം അനിശ്ചിതത്വത്തിലായിരിക്കുകയാണ്. വർഷങ്ങളായി പ്രവേശന പരീക്ഷയിലൂടെയായിരുന്നു ടാഗോർ വിദ്യാനികേതനിൽ വിദ്യാർത്ഥി പ്രവേശനം. അഞ്ചാം ക്ലാസിലും എട്ടാം ക്ലാസിലും പ്രവേശന പരീക്ഷ നടത്തുകയായിരുന്നു പതിവ്. പ്രവേശന പരീക്ഷ നടത്തി സർക്കാർ സ്കൂളിൽ വിദ്യാർത്ഥി പ്രവേശനം നടത്തുന്നതിന് എതിരെ ദീർഘ കാലമായി വലിയ എതിർപ്പ് ഉയർന്നിരുന്നു. എന്നാൽ ഇങ്ങനെ പ്രവേശന പരീക്ഷയില്ലാതെ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാൻ സർക്കാർ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവിറക്കുകയും ചെയ്തു. അതേ തുടർന്ന് പ്രവേശന നടപടികൾ ആരംഭിച്ചപ്പോൾ പൂർവ്വവിദ്യാർത്ഥികളും ഒരു രക്ഷിതാവും ഹൈക്കോടതിയിൽ ഹർജി നൽകി പ്രവേശന പരീക്ഷ വേണ്ടെന്ന സർക്കാർ തീരുമാനം റദ്ദാക്കിയിരിക്കുകയാണ്.

പഠനത്തിൽ മികവ് പുലർത്തുന്ന മാതൃകാ വിദ്യാലയമാണ് ടാഗോർ വിദ്യാനികേതൻ എന്നതാണ് ഒരു കൂട്ടരുടെ വാദം. പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന മിടുക്കൻമാരായ വിദ്യാർത്ഥികളെ പരീക്ഷക്കിരുത്തി 100 ശതമാനം വിജയം കരസ്ഥമാക്കുന്നതാണോ മികവിന്റെ മാനദണ്ഡം എന്നാണ് പരിശോധിക്കേണ്ടത്. ഒരു പ്രവേശന പരീക്ഷയുമില്ലാതെ നൂറുകണക്കിന് വിദ്യാർത്ഥികളെ പ്രവേശിപ്പിച്ച് മുഴുവൻ പേരെയും ജയിപ്പിക്കുന്നതാണോ മികവ്. ഇത്തവണത്തെ എസ്.എസ്.എൽ.സി പരീക്ഷാഫലം തന്നെ പരിശോധിക്കുക. തളിപ്പറമ്പിലും പരിസരപ്രദേശങ്ങളിലുമുള്ള എത്രമാത്രം സ്കൂളുകളാണ് നൂറുശതമാനം വിജയം നേടിയതെന്ന് നോക്കുക.

മയ്യിൽ സ്കൂളിൽ 589 പേരിൽ മുഴുവൻ പേരും വിജയിച്ചു. 80 പേർക്ക് എ പ്ലസ് ലഭിച്ചു. കുറച്ചു കുട്ടികൾ മാത്രം പരീക്ഷ എഴുതിയ ടാഗോർ വിദ്യാനികേതനിൽ 40 പേർക്ക് മാത്രമാണ് മുഴുവൻ വിഷയത്തിലും എ പ്ലസ് ലഭിച്ചതെന്ന് ഓർക്കുക. തടിക്കടവ്, കുറ്റ്യേരി, ചെറിയൂർ, പരിയാരം, കാലിക്കടവ്, കുറുമാത്തൂർ, മോറാഴ, ചട്ടുകപ്പാറ തുടങ്ങിയ ഗവ. ഹൈസ്കൂളുകളിൽ നൂറ് ശതമാനം വിജയം. എയ്ഡഡ് മേഖലയിൽ പറശിനിക്കടവ് ഹൈസ്കൂളിന് നൂറുമേനി. 950 ലേറെ കുട്ടികൾ പരീക്ഷ എഴുതിയ തളിപ്പറമ്പ് സീതിസാഹിബിൽ 99 ശതമാനം വിജയം. 65 പേർക്ക് എ പ്ലസ്. 507 പേർ പരീക്ഷയെഴുതിയ മുത്തേടത്തിൽ 496 പേർ വിജയിക്കുകയും 68 പേർക്ക് എ പ്ലസ് ലഭിക്കുകയും ചെയ്തു. സർസയ്യിദ് ഹൈസ്കൂളിൽ 231 പേരിൽ 230 പേരും വിജയിച്ചു. ഇവിടെയെല്ലാം പ്രവേശന പരീക്ഷ ഇല്ലാതെ വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചതാണ്. അതായത് അരിച്ചെടുത്ത വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചല്ല ഇത്രയും വിജയം നേടിയത്. അപ്പോൾ ഏത് വിജയത്തിനാണ് തിളക്കം കൂടുതൽ.

589 പേരെ പരീക്ഷ എഴുതിച്ച് മുഴുവൻ പേരെയും വിജയത്തിൽ എത്തിച്ച മയ്യിൽ ഗവ. ഹൈസ്കൂളിന്റെ തിളക്കം തളിപ്പറമ്പ് നിയോജക മണ്ഡലത്തിലെ ഒരു വിദ്യാലയത്തിനും അവകാശപ്പെടാനാവില്ല. സീതിസാഹിബ് സ്കൂളിന്റെ അവസ്ഥയോർത്ത് നോക്കൂ. ഒരുകാലത്ത് ജില്ലയിൽ തന്നെ ഏറ്റവും മോശം പരീക്ഷാഫലം ഉണ്ടായിരുന്ന വിദ്യാലയമാണത്. പ്രസ്തുത സ്കൂളിൽ പഠനനിലവാരമുള്ള ഒരു കുട്ടിയെ പോലും രക്ഷിതാക്കൾ ഒരുകാലത്ത് പ്രവേശിപ്പിക്കുമായിരുന്നില്ല. അവിടെ നിന്നാണ് തളിപ്പറമ്പ നിയോജക മണ്ഡലത്തിൽ ഏറ്റവും ഏറെ കുട്ടികൾ പ്രവേശനം നേടുന്ന സ്കൂളായി അത് മാറിയത്. ഏറ്റവുമേറെ വിദ്യാർത്ഥികളെ പരീക്ഷക്കിരുത്തി ഏറ്റവുമേറെ വിജയം നേടുന്ന സ്കൂളെന്ന ബഹുമതിയും സീതി കരസ്ഥമാക്കി. എങ്ങനെയാണ് അത് സാധ്യമാക്കിയതെന്നാണ് പഠിക്കേണ്ടത്. അതിനുവേണ്ടി മാനേജ്മെന്റും അധ്യാപകരും പി.ടി.എയും ഒക്കെ നടത്തിയ കഠിന പരിശ്രമങ്ങൾ ആദരിക്കപ്പെടേണ്ടതാണ്. അതിന്റെ അയലത്ത് നിൽക്കാനുള്ള യോഗ്യത ടാഗോർ വിദ്യാനികേതനുണ്ടോ. നൂറുശതമാനം വിജയത്തിനുവേണ്ടി പഠനത്തിൽ മികവ് പുലർത്താത്ത വിദ്യാർത്ഥികളെ ഒമ്പതാം ക്ലാസിൽ തോൽപ്പിക്കുന്നുവെന്ന ആരോപണം പോലും നേരത്തെ ഈ വിദ്യാലയത്തിന് എതിരെ ഉയർന്നിരുന്നു.

മധ്യവർഗത്തിൽപ്പെട്ട രക്ഷിതാക്കളുടെ കുട്ടികളുടെ അഭയകേന്ദ്രമായിരുന്നു ടാഗോർ വിദ്യാനികേതൻ ഒരുകാലത്ത്. അക്കൂട്ടത്തിൽ പാവപ്പെട്ട രക്ഷിതാക്കളുടെ ചില കുട്ടികൾക്കും പ്രവേശനം ലഭിച്ചിട്ടുണ്ട്. എന്നാൽ കഴിഞ്ഞ കുറച്ചുകാലമായി എന്താണ് സംഭവിച്ചത്. മെഡിക്കൽ എൻട്രൻസ് പോലെ ടാഗോർ വിദ്യാനികേതൻ പ്രവേശന പരീക്ഷക്കുവേണ്ടി പ്രത്യേക പരിശീലനം നൽകുന്ന നിരവധി സ്ഥാപനങ്ങൾ ഉയർന്നുവന്നു. അതോടുകൂടി തന്നെ പാവപ്പെട്ട കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം നൽകുന്ന സ്ഥാപനമെന്ന കെട്ടുകഥ പോലും പൊളിഞ്ഞിരിക്കുകയാണ്.

പ്രവേശനപരീക്ഷയുമായി ബന്ധപ്പെട്ട് ഗൗരവതരമായ ചില ആരോപണങ്ങളും ഉയർന്നുവന്നിരുന്നു. ഇന്ന സ്ഥാപനത്തിൽ കോച്ചിംഗിന് ചേർന്നാൽ പ്രവേശനം ഉറപ്പാണ് തുടങ്ങിയ ആരോപണങ്ങൾ തള്ളിക്കളയാവുന്നതല്ല.

ഈ സാഹചര്യത്തിൽ സർക്കാർ മേഖലയിൽ ഇങ്ങനെയൊരു 'ഉന്നത കുലജാത' സ്ഥാപനം വേണമോയെന്നതാണ് പരിശോധിക്കേണ്ടത്. മഹാകവി രബീന്ദ്രനാഥ് ടാഗോറിന്റെ വിദ്യാഭ്യാസ സങ്കൽപ്പവുമായി ഒരു ബന്ധവും ഇല്ലാത്ത ഒരു സ്ഥാപനമാണിത്. അതിനാൽ പരിസരവാസികളായ വിദ്യാർത്ഥികൾക്ക് പ്രവേശനത്തിൽ മുൻഗണന നൽകിക്കൊണ്ടുള്ള സംവിധാനമാണ് ഒരുക്കേണ്ടത്. അങ്ങനെ സാധാരണക്കാരായ കുട്ടികളെ പഠിപ്പിച്ച് മറ്റ് സർക്കാർ വിദ്യാലയങ്ങളെ പോലെ മികവുതെളിയിക്കട്ടെ. അതിനുള്ള ജനകീയ ഇടപെടലാണ് ആവശ്യം.

നാളെ ഉദ്ഘാടനം ചെയ്യുന്ന മന്ന ഹദ്ദാദ് ജുമാമസ്ജിദ്

മന്ന ഹദ്ദാദ് ജുമാമസ്ജിദ് ഉദ്ഘാടനം നാളെ

തളിപ്പറമ്പ: പുനർ നിർമ്മിച്ച മന്ന ഹദ്ദാദ് ജുമാ മസ്ജിദ് ഉദ്ഘാടനം നാളെ ഇശാ നിസ്കാരത്തിന് നേതൃത്വം നൽകി കേരള വഖഫ് ബോർഡ് ചെയർമാൻ പാണക്കാട് റഷീദ് അലി ശിഹാബ് തങ്ങൾ നിർവഹിക്കും. തളിപ്പറമ്പ ഖാളി അബ്ദുറഹ്മാൻ മുസ്ലിയാർ അധ്യക്ഷത വഹിക്കും. ഖത്തീബുരും, മറ്റ് പണ്ഡിതന്മാരും ചടങ്ങിൽ സംബന്ധിക്കും.

എരുവാട്ടി സി.എച്ച്.സൗധം സംഘടിപ്പിച്ച ചിത്ര-ശില്പ പ്രദർശനം നാസർ ചപ്പാരപ്പടവ് സി.എച്ച് മുഹമ്മദ് കോയയുടെ രേഖാചിത്രം വരച്ച് ഉദ്ഘാടനം ചെയ്യുന്നു.

പൈതൃക ചിത്ര-ശില്പ പ്രദർശനം സംഘടിപ്പിച്ചു

എരുവാട്ടി: സി.എച്ച്. സൗധത്തിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച പൈതൃക ചിത്ര ശില്പ പ്രദർശനം സി.എച്ച് മുഹമ്മദ്കോയയുടെ രേഖാചിത്രം വരച്ച് ചിത്രകാരൻ നാസർ ചപ്പാരപ്പടവ് ഉദ്ഘാടനം ചെയ്തു. കുടിയേറ്റ കർഷകരുടെ നൂറ്റാണ്ടുകൾ പഴക്കമുള്ള പണിയായുധങ്ങളും ചരിത്ര ഫോട്ടോകളും പ്രദർശനത്തിന് ഒരുക്കിയിട്ടുണ്ട്. പി.കെ. ഉനൈസ്, ഒ.പി. നജ്മുദ്ദീൻ, സൈഫുദ്ദീൻ, ഷമീം, പി.കെ.ജുനൈദ് സംബന്ധിച്ചു.

തളിപ്പറമ്പ എസ്.ബി.ഐ ബ്രാഞ്ചിന് മുന്നിൽ ബാങ്ക് ജീവനക്കാർ നടത്തിയ പ്രതിഷേധ യോഗം

ബാങ്ക് ജീവനക്കാർ പ്രതിഷേധ പ്രകടനം നടത്തി

തളിപ്പറമ്പ: ഉദയകക്ഷി ചർച്ചകൾ അട്ടിമറിക്കാനുള്ള കേന്ദ്രസർക്കാരിന്റെയും ഐ.ബി .എ യുടെയും തൊഴിലാളി വിരുദ്ധ നയത്തിനെതിരെ യുണൈറ്റഡ് ഫോറം ഓഫ് ബാങ്ക് യൂണിയൻസിന്റെ നേതൃത്വത്തിൽ ബാങ്ക് ജീവനക്കാർ പ്രതിഷേധ പ്രകടനം നടത്തി. മെയ് അവസാനവാരം ബാങ്ക് ജീവനക്കാരുടെ സംഘടനകൾ 2 ദിവസം പണിമുടക്ക് സമരം പ്രഖ്യാപിച്ച സാഹചര്യത്തിലും കൂടിയാണ് പ്രതിഷേധപ്രകടനം നടത്തിയത്. അടിയന്തിരമായി വേതനഘടന പുതുക്കി നിശ്ചയിച്ചില്ലെങ്കിൽ അനിശ്ചിതകാല പണിമുടക്ക് സമരത്തിലേക്കു പോകേണ്ടി വരുമെന്ന് സംഘടനാനേതാക്കൾ അറിയിച്ചു. തളിപ്പറമ്പ എസ്.ബി.ഐ ബ്രാഞ്ചിന് മുന്നിൽ നടന്ന പ്രകടനത്തിൽ യു.എഫ്.ബി.യു കൺവീനർ കൃഷ്ണകുമാർ, പി.പി. സന്തോഷ് കുമാർ, എം.വി. ലിജു, നീരജ് സംസാരിച്ചു.

കണ്ണൂർ ജില്ലാ മുസ്ലിം ലീഗ് നേതൃയോഗം 15ന്

കണ്ണൂർ: കണ്ണൂർ ജില്ലാ മുസ്ലിം ലീഗ് എക്സിക്യൂട്ടീവ് ക്യാമ്പിൽ തയ്യാറാക്കിയ രൂപരേഖ അംഗീകരിക്കുന്നതിനും തുടർ കാര്യങ്ങൾ തീരുമാനിക്കുന്നതിനും വേണ്ടി ജില്ലാ ലീഗ് പ്രവർത്തക സമിതിയുടെയും മണ്ഡലം പ്രസിഡണ്ട് ജനറൽ സെക്രട്ടറിമാരുടെയും ജില്ലയിൽ നിന്നുള്ള സംസ്ഥാന കൗൺസിലർമാരുടെയും പോഷക സംഘടനാ ജില്ലാ പ്രസിഡണ്ട് ജനറൽ സെക്രട്ടറിമാരുടെയും സംയുക്ത യോഗം 15ന് രാവിലെ 10 മണിക്ക് കണ്ണൂർ ശിക്ഷക് സദനിൽ ചേരുന്നതാണ്. ബന്ധപ്പെട്ടവർ കൃത്യ സമയത്ത് പങ്കെടുക്കണമെന്ന് ജനറൽ സെക്രട്ടറി അഡ്വ: അബ്ദുൽ കരീം ചേലേരി അറിയിച്ചു.

തിമിര രോഗ-ശസ്ത്രക്രിയ നിർണ്ണയ ക്യാമ്പ് നാളെ

എളമ്പേരം: എളമ്പേരം ഗ്രാമിക സ്വയംസഹായ സംഘത്തിന്റെയും തലശ്ശേരി കോംട്രസ്റ്റ് കണ്ണാശുപത്രിയുടെയും സംയുക്താഭിമുഖ്യത്തിൽ നാളെ രാവിലെ 8.30 മുതൽ ഉച്ചക്ക് ഒരു മണിവരെ എളമ്പേരം ഇ.കെ.നായനാർ സ്മാരക വായനശാലയിൽ സൗജന്യ തിമിര രോഗ-ശസ്ത്രക്രിയ നിർണ്ണയ ക്യാമ്പ് സംഘടിപ്പിക്കും. തളിപ്പറമ്പ് സി.ഐ കെ.ജെ.ബിനോയ് ഉദ്ഘാടനം ചെയ്യും. ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ടി.വി.മൈമൂനത്ത് അധ്യക്ഷത വഹിക്കും. എം.ലക്ഷ്മണൻ, സി.ഷൈജു, കെ.വി.സുകുമാരൻ സംസാരിക്കും. കെ.വി.വത്സൻ സ്വാഗതവും കെ.കെ.രമേശൻ നന്ദിയും പറയും.

ആർട് ഡി ടൂറിന് നാളെ തളിപ്പറമ്പിൽ സ്വീകരണം

തളിപ്പറമ്പ: സംസ്ഥാന യുവജനക്ഷേമ ബോർഡ് നാഷണൽ യൂത്ത് കോൺകോഡിന്റെ ഭാഗമായി 3ന് തിരുവനന്തപുരത്ത് നിന്ന് ആരംഭിച്ച ആർട് ഡി ടൂർ എന്ന കലാ-പ്രദർശന-ആവിഷ്ക്കാര യാത്രക്ക് നാളെ രാവിലെ 11 മണിക്ക് തളിപ്പറമ്പ് ടൗൺ സ്ക്വയറിൽ സ്വീകരണം നൽകും. നഗരസഭാപരിധിയിലെ മുഴുവൻ വായനശാല/ക്ലബ് പ്രവർത്തകരും പരിപാടിയിൽ പങ്കെടുക്കണമെന്ന് നഗരസഭ സെക്രട്ടറി അറിയിച്ചു.

ആയിഷ വുഡ്സിന്റെ പുതിയ ഷോറൂം തളിപ്പറമ്പിൽ പ്രവർത്തനം ആരംഭിച്ചു

ആയിഷവുഡിന്റെ തളിപ്പറമ്പ് ഏഴാംമൈൽ ഷോറും മാനേജിംഗ് ഡയരക്ടർ ഉദ്ഘാടനം ചെയ്യുന്നു

തളിപ്പറമ്പ: കണ്ണൂർ ജില്ലയുടെ മര വ്യാപാര വ്യവസായ രംഗത്ത് കഴിഞ്ഞ 34 വർഷം കൊണ്ട് സജീവ സാന്നിധ്യമറിയിച്ച ആയിഷ വുഡ് ഇൻഡസ്ട്രീസിന്റെ മൂന്നാമത്തെ ഷോറും തളിപ്പറമ്പ് ഏഴാംമൈലിൽ ഐഡിയൽ ഡക്കർ ഫർണ്ണിച്ചറിന് സമീപം പ്രവർത്തനമാരംഭിച്ചു. റെഡിമെയ്ഡ് കട്ടിള, ജനലുകളുടെയും മര ഉരുപ്പടികളുടെയും അതിവിപുലമായ ശേഖരമാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്.

വീട് നിർമ്മാണത്തിന്റെ ഒരു പ്രധാനപ്പെട്ട ഘട്ടമായ കട്ടിള, ജനലുകൾ നിർമ്മിക്കുക എന്നത് വിവിധ പ്രവർത്തനങ്ങളെ സംയോജിപ്പിച്ച് മാസങ്ങൾ കൊണ്ട് മാത്രം പൂർത്തിയാക്കാൻ കഴിയുന്ന ശ്രമകരമായ ഒരു ദൗത്യമാണ്. ആവശ്യാനുസൃതമായ മരം കണ്ടെത്തുക, പ്ലെയിൽ ചെയ്യുക, വിദഗ്ധരായ പണിക്കാരെ കണ്ടെത്തുക, ഗ്രിൽസ് നിർമ്മിക്കുക തുടങ്ങിയ വയിലൂടെ ഉണ്ടാവുന്ന വൻ സാമ്പത്തിക നഷ്ടവും സമയ നഷ്ടവും ഇടനിലക്കാരുടെ ചൂഷണവും ഒഴിവാക്കുന്നതിനായി ഉപഭോക്താക്കളുടെ നിരന്തരമായ അഭ്യർത്ഥനയെ മാനിച്ച് കൊണ്ടാണ് വർഷങ്ങളായി മര വ്യാപാര രംഗത്തുള്ള ഈ സ്ഥാപനം റെഡിമെയ്ഡ് കട്ടിള, ജനൽ നിർമ്മാണ രംഗത്തേക്ക് കടന്നു വന്നത്. ഇന്ന് ഇവരുടെ കാഞ്ഞങ്ങാട്, പിലാത്തറ, തളിപ്പറമ്പ് എന്നിവിടങ്ങളിലുള്ള ഷോറൂമുകളിൽ ഉപഭോക്താക്കളുടെ ആവശ്യത്തിനും അളവിനുമനുസരിച്ചുള്ള വിവിധ മരങ്ങൾ കൊണ്ട് നിർമ്മിച്ച കട്ടിള, ജനലും ലഭ്യമാണ്.

വിദേശത്ത് നിന്നും ഇറക്കുമതി ചെയ്യുന്നതിൽ കേരളത്തിൽ കാലാവസ്ഥക്ക് ഏറ്റവും അനുയോജ്യമായ മരങ്ങൾ മാത്രമാണ് ഇവിടെ ഉപയോഗിക്കുന്നത്. കൂടാതെ ആധുനിക യന്ത്ര സാമഗ്രികൾ ഉപയോഗിച്ച് കൊണ്ട് വിദഗ്ധരായ ആശാരിമാരുടെ മേൽനോട്ടത്തിലാണ് ഇവ നിർമ്മിക്കുന്നത്. പിലാത്തറയിലും പരിയാരത്തുമുള്ള അഞ്ച് ഫാക്ടറികളായി 150 ഓളം തൊഴിലാളികൾ ഈ സ്ഥാപനത്തിൽ ജോലി ചെയ്തുവരുന്നുണ്ട്.

1984ൽ പിലാത്തറയിൽ ആരംഭിച്ച ഈ സ്ഥാപനം ഗുണമേന്മയിലുള്ള കർക്കശമായ നിലപാട് കാരണമാണ് ഇന്ന് കണ്ണൂർ, കാസർക്കോട് ജില്ലകളിലേക്ക് വ്യാപിച്ചത്. പ്രദേശത്ത് നിന്ന് നേരിട്ട് ഇറക്കുമതി ചെയ്യുന്നതിനാൽ ഉപഭോക്താക്കൾക്ക് വൻ വിലക്കുറവിൽ നൽകാൻ കഴിയുമെന്ന് മാനേജ്മെന്റ് അവകാശപ്പെടുന്നു.

ഐ.എസ്.എം യൂത്ത് കോൺഫറൻസ്

തളിപ്പറമ്പ: 'അനശ്വര ശാന്തിക്ക് ആദർശവീഥി' എന്ന പ്രമേയത്തിൽ ഐ.എസ്.എം തളിപ്പറമ്പ മണ്ഡലം യൂത്ത്കോൺഫറൻസ് ഇന്ന് വൈകുന്നേരം 7ന് മന്നയിൽ കെ.എൻ.എം ജില്ലാ കൺവീനർ സി.സി. ശക്കീർ ഫാറൂഖി ഉദ്ഘാടനം ചെയ്യും. കെ.കെ.പി. അബ്ദുല്ല അധ്യക്ഷത വഹിക്കും. അബ്ദുൾല ത്തീഫ് കരുമ്പിലാക്കൽ, റാഫി പേരാമ്പ്ര പ്രസംഗിക്കും.

അപേക്ഷ ക്ഷണിച്ചു

ശ്രീകണ്ഠപുരം: പയ്യാവൂർ പഞ്ചായത്ത് 2018-19 വർഷത്തിലെ വാർഷിക പദ്ധതികളിലേക്കുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള അപേക്ഷകൾ ക്ഷണിച്ചു. അപേക്ഷ ഫോറങ്ങൾ കുടുംബശ്രീ മുഖേന വിതരണം നടത്തും. 15 ന് മുൻപ് അപേക്ഷകൾ നൽകണം. കാർഷിക സഹായങ്ങൾക്കും, ശാരീരിക വൈകല്യമുള്ള വർക്കും, വനിത ഘടക പദ്ധതികൾക്കും, എസ്.സി.-എസ്.ടി. വിഭാഗങ്ങൾക്കും മുൻഗണന നൽകുന്ന പദ്ധതികളാണ് അധികവുമെന്ന് പ്രസിഡന്റ് ഡെയ്സി ചിറ്റൂപറമ്പിൽ, വൈസ് പ്രസിഡണ്ട് ടി.പി. അഷ്റഫ് എന്നിവർ അറിയിച്ചു.

കുറുമാത്തൂർ: കുറുമാത്തൂർ ഗവ. ഐ.ടി.ഐയിൽ നിന്നും മെക്കാനിക് അഗ്രികൾച്ചറൽ മെഷിനറി, ഇലക്ട്രോണിക് മെക്കാനിക് എന്നീ ട്രേഡുകളിൽ നിന്ന് രണ്ടാം സെമസ്റ്റർ എസ്.സി.വി.ടി. പരീക്ഷയിൽ വിജയിച്ച ട്രെയിനികൾക്കും എസ്.സി.വി.ടി പരീക്ഷ പൂർണ്ണമായി വിജയിച്ച ട്രെയിനികൾക്ക് എൻ.സി.വി.ടി. രണ്ട്, നാല് പരീക്ഷ എഴുതുന്നതിനുള്ള അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി മെയ് 23. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 04602 225450.

കുട്ടൻ കുടുംബസംഗമവും അനുമോദനവും

തളിപ്പറമ്പ: തളിപ്പറമ്പ കുട്ടൻ ഫാമിലി കുടുംബസംഗമം നടത്തി. സംഗമത്തിന്റെ ഭാഗമായി നടത്തിയ ജവാബ് ക്വിസ് പ്രോഗ്രാമിൽ വിജയിച്ച കെ.വി.ഫായിസിന് മാനേജർ അബുഹാജി മെമ്മോറിയൽ റോളിംഗ് ട്രോഫിയും കുവൈത്ത് വക ക്യാഷ് അവാർഡും കുട്ടൻ തറവാട്ടിലെ കാരണവർ മുസ്തഫ ഹാജി (കോഴി) സമ്മാനിച്ചു. മുബാറക് ദാരിമി, ഫാറൂഖ് പതിനെട്ട്, ഹഷിം പതിനെട്ട്, മുക്താർ മാനേജർ, സഹദ് ഹാജി, നാസർ പതിനെട്ട്, സാബിത് ദാരിമി, കെ.വി.അക്മൽ, റഫീഖ് പതിനെട്ട്, കെ.അസീസ്, ആസിഫ് സംസാരിച്ചു. ഷാഹിദ് പതിനെട്ട് നന്ദി പറഞ്ഞു.

സൗജന്യ മെഗാ മെഡിക്കൽ ക്യാമ്പ്

ശ്രീകണ്ഠപുരം: രാജീവ് ഗാന്ധി ആസ്പത്രിയുടെ നാലാം വാർഷികത്തോടനുബന്ധിച്ച് വിവിധ ഡിപാർട്ട്മെന്റുകളെ ബന്ധിപ്പിച്ച് സൗജന്യ മെഗാ മെഡിക്കൽ ക്യാമ്പ് 13ന് നടത്തും. ജനറൽ മെഡിസിൻ, അസ്ഥിരോഗം, പ്രമേഹരോഗം, ത്വക്ക് രോഗം എന്നീ വിഭാഗങ്ങളിലുള്ള ഡോക്ടർമാർ രോഗികളെ പരിശോധിക്കും. കെ.സി. ജോസഫ് എം.എൽ.എ. ഉദ്ഘാടനം ചെയ്യും. രാജീവ് ഗാന്ധി ആശുപത്രി ചെയർമാൻ മുഹമ്മദ് ബ്ലാത്തൂർ അധ്യക്ഷത വഹിക്കും. ഫോൺ-04602231061, 04602231062

മഹിളാ കോൺഗ്രസ് ഇരിക്കൂർ നിയോജക മണ്ഡലം കമ്മിറ്റി പ്രതിഷേധ കൂട്ടായ്മ പയ്യാവൂരിൽ ഷാനിമോൾ ഉസ്മാൻ ഉദ്ഘാടനം ചെയ്യുന്നു.

പിണറായി സർക്കാർ ജനങ്ങളെ മദ്യത്തിൽ മുക്കിക്കൊല്ലുന്നു: ഷാനിമോൾ ഉസ്മാൻ

ശ്രീകണ്ഠപുരം: എൽ.ഡി.എഫ്. സർക്കാർ കേരളത്തെ മദ്യത്തിൽ മുക്കി കൊല്ലുകയാണെന്ന് കെ.പി.സി.സി. രാഷ്ട്രീയ കാര്യ സമിതി അംഗം ഷാനിമോൾ ഉസ്മാൻ. ഇടതു സർക്കാരിന്റെ മദ്യനയത്തിനെതിരേയും കേന്ദ്ര-സംസ്ഥാന സർക്കാറുകളുടെ സ്ത്രീവിരുദ്ധ നിലപാടുകൾക്കെതിരേയും ഇരിക്കൂർ നിയോജക മണ്ഡലം മഹിളാ കോൺഗ്രസ് നടത്തിയ പ്രതിഷേധ കൂട്ടായ്മയായ 'അമ്മ മനസ്' ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അവർ. ഇന്ന് കേരളത്തിലെ ജനങ്ങൾ കഴിയുന്നത് ഭീതിയിലാണ്. കസ്റ്റഡി മരണങ്ങളും രാഷ്ട്രീയ കൊലപാതകങ്ങളും സ്ത്രീപീഡനങ്ങളും അരങ്ങുവാഴുന്നു. സ്ത്രീകൾക്ക് അല്പം പോലും സുരക്ഷിതത്വമില്ലാത്ത അവസ്ഥയാണെന്നും സർക്കാറിന്റെ കണ്ണ് തുറക്കുംവരെ സമരപരിപാടികളുമായി മുന്നോട്ടു പോകണമെന്നും ഷാനിമോൾ ഉസ്മാൻ പറഞ്ഞു.

ഇരിക്കൂർ നിയോജക മണ്ഡലം പ്രസിഡന്റ് പുഷ്പ കൊച്ചു പൊങ്ങനാൽ അധ്യക്ഷത വഹിച്ചു. സോണി സെബാസ്റ്റ്യൻ, രജനി രമാനന്ദ്, കെ.വി.ഫിലോമിന, ലിസി തോമസ്, ഡെയ്സി മൈലാടൂർ, പയ്യാവൂർ പഞ്ചായത്ത് പ്രസിഡണ്ട് ഡെയ്സി ചിറ്റുപ്പറമ്പിൽ, ജില്ലാ പഞ്ചായത്തംഗം പി.കെ. സരസ്വതി, വൽസലാ സാജു, എം.ഒ. മാധവൻ സംസാരിച്ചു.

ജനങ്ങളെ പിഴിഞ്ഞ് പാസ്പോർട്ട് ഓഫീസ്

തളിപ്പറമ്പ: പാസ്പോർട്ട് ഓഫീസുകളിൽ കവറിനെന്ന പേരിൽ പണം ഈടാക്കി ജനങ്ങളെ പിഴിയുന്നു. പാസ്പോർട്ടിനായി ഒടുക്കുന്ന 1500 രൂപക്ക് പുറമെയാണ് പാസ്പോർട്ട് കവറിനെന്ന പേരിൽ 350 രൂപ ഈടാക്കുന്നത്. ഇത് വാങ്ങണമെന്ന് നിർബന്ധമൊന്നുമില്ല. ആവശ്യമുള്ളവർ മാത്രം വാങ്ങിയാൽ മതിയാവുന്നതാണ്. പക്ഷെ ഓഫീസിനകത്ത് വെച്ച് തന്നെ ഇതിന്റെ രസീത് ഏൽപ്പിക്കുകയും പണം അടക്കാൻ ആവശ്യപ്പെടുകയുമാണ് ചെയ്യുന്നത്. പലരും ആദ്യമായെത്തുന്നവർ ആയതിനാൽ പാസ്പോർട്ടിന് നിർബന്ധമായും വേണ്ട എന്തോ ഒന്നാണെന്ന് കരുതി പണമടക്കുകയും ചെയ്യും. ഇതിന്റെ ലാഭം പ്രൈവറ്റ് ഏജൻസികൾക്കാണ്. എസ്.എം.എസുകൾക്കായി 45 രൂപയാണ് ഒരാളിൽ നിന്ന് പാസ്പോർട്ട് ഓഫീസുകളിൽ നിന്ന് ഈടാക്കുന്നത്. പാസ്പോർട്ട് കയ്യിലെത്തുന്നതിനകം ലഭിക്കുന്ന അഞ്ചോ ആറോ എസ്.എം.എസുകൾക്കാണ് ഈ 45 രൂപ. യഥാർത്ഥത്തിൽ ജനങ്ങളുടെ അറിവില്ലായ്മയെ മുതലെടുത്ത് ചൂഷണം ചെയ്യുകയാണ് ഇവിടെ.

അവസരങ്ങളുടെ അനന്ത സാധ്യതകളിലേക്കുള്ള ചുവടുവെപ്പ്....
തോട്ടീക്കൽ ശാഖ SKSSF സ്റ്റെപ്പ് -2018 കരിയർ ഗൈഡൻസ് മീറ്റ്
മെയ് 14 തിങ്കളാഴ്ച രാവിലെ 9.30ന് നൂറുൽ ഇസ്ലാം മദ്റസ, തോട്ടീക്കൽ
പങ്കെടുക്കാൻ ആഗ്രഹിക്കുന്ന SSLC, +2, Degree കഴിഞ്ഞ വിദ്യാർത്ഥികൾ
9846697695 നമ്പറിൽ ബന്ധപ്പെടുക